മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : പത്തനംതിട്ട തണ്ണിത്തോട് സ്വദേശി മുരളിയെ 28-3-1999 ന് രാത്രി തലയ്ക്ക് മുറിവേറ്റ് അബോധാവസ്ഥയിൽ അടുത്തുള്ള ഒരു വീട്ടുവരാന്തയിൽ കാണപ്പെട്ടു. ചികിൽസയിലിരിക്കെ കോട്ടയം മെഡിക്കൽ കോളേജാശുപത്രിയിൽ വച്ച് ഏപ്രിൽ 2 ന് മുരളി മരണപ്പെട്ടു. തലയ്ക്കേറ്റ മുറിവാണ് മരണകാരണമെന്നാണ് പോസ്റ്റുമോർട്ടം റിപ്പോർട്ട് സൂചിപ്പിക്കുന്നത്. കേസന്വേഷണത്തിലുള്ള ആക്ഷേപത്തെത്തുടർന്ന് ക്രൈംബ്രാഞ്ച് അന്വേഷണത്തിന് 21-5-1999-ന് ഉത്തരവ് നൽകിയിട്ടുണ്ട്.

(3) കായികതാരങ്ങളോടുള്ള അവഗണന

ശ്രീ. സി.പി. ബാലൻ വൈദ്യർ: സർ, ദേശീയവും അന്തർദേശീയവുമായ മൽസരങ്ങളിൽ പങ്കെടുത്ത് മെഡൽ നേടുന്ന സംസ്ഥാനത്തിലെ കായിക താരങ്ങൾക്ക് സ്പോർട്സ്രംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഗവൺമെന്റ് ക്യാഷ് അവാർഡ് പ്രഖ്യാപിച്ചിരുന്നു. ഗവൺമെന്റ് പ്രഖ്യാപിച്ച ക്യാഷ് അവാർഡ്, മെഡൽ നേടിയിട്ടുള്ള പല താരങ്ങൾക്കും ഇതുവരെ കിട്ടിയിട്ടില്ലെന്ന ഗുരുതരമായ ആക്ഷേപം നിലനിൽക്കുകയാണ്. കേരള സംസ്ഥാനത്തിന്റെയും, ഇന്ത്യയുടെയും അഭിമാനമായ പി.ടി. ഉഷയ്ക്കുപോലും ഏഷ്യൻ ചാമ്പ്യൻഷിപ്പ് - അതിൽ അവർ മാത്രമാണ് മെഡൽ നേടിയിട്ടുള്ളത്. ഓപ്പൺ നേഷൻസ് മത്സരങ്ങൾ, ഗാന്ധിഗ്രാമിൽ വച്ചു നടന്ന മത്സരങ്ങൾ എന്നിവയിൽ സ്വർണ്ണം, വെള്ളി, ഓട് എന്നീ മെഡലുകൾ നേടി സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച അവാർഡിനു അർഹയായി. ഈ മൽസരത്തിൽ പങ്കെടുത്ത് മെഡൽ നേടിയ ശ്രീമതി പി.ടി. ഉഷയ്ക്കുപോലും ഇതുവരെ സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച ക്യാഷ് അവാർഡ് ലഭിച്ചിട്ടില്ല. അതുപോലെ മറ്റു നിരവധി താരങ്ങൾക്കും ലഭിച്ചിട്ടില്ല. അത്ലറ്റിക്സ് അസോസിയേഷന്റെയോ, സ്പോർട്സ് കൗൺസിലിന്റെയോ ആരുടെ ഭാഗത്താണ് ഇതിൽ വീഴ്ച യെന്നത് സംബന്ധിച്ചു ഗവൺമെന്റ് ഗൗരവമായി പരിശോധിക്കണം. ശ്രീമതി ഉഷയെപ്പോലെ ലോകം അറിയപ്പെടുന്ന താരങ്ങൾക്ക് ഗവൺമെന്റ് പ്രഖ്യാപിച്ച ആനുകൂല്യം കിട്ടാത്തത് ഒരിക്കലും ന്യായീകരിക്കാൻ കഴിയുന്നതല്ല. സ്പോർട്സ് രംഗം ധാരാളം കാല് വാരൽ നടക്കുന്ന ഒരു രംഗമാണ്. അത് ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാവുന്നതാണ്. നമ്മുടെ സ്പോർട്സ് രംഗം ഗ്രഹണി പിടിച്ച കുട്ടികളെപ്പോലെയാണ് ഇപ്പോഴും നിൽക്കുന്നത്. ഇതിൽ ആരുടെ ഭാഗത്താണ് വീഴ്ചയെന്ന് മനസ്സിലാക്കി ശ്രീമതി ഉഷയെപ്പോലെ ലോകം അറിയപ്പെടുന്ന താരങ്ങൾക്ക് കിട്ടേണ്ട ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. അതിനു ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ഒരു നിർദ്ദേശം പറയാനുള്ളത്, അത്ലറ്റിക്സ് അസോസിയേഷന്റെ സെക്രട്ടറി ഉൾപ്പെടെയുള്ള ഭാരവാഹികളെയും സ്പോർട്സ് കൗൺസിലിന്റെ ഭാരവാഹികളെയും വിളിച്ച് ഈ പ്രശ്നം സംബന്ധിച്ചു ബഹുമാനപ്പെട്ട മന്ത്രി ചർച്ച നടത്തണം. ഞാൻ മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട വകുപ്പു മന്ത്രിക്കും ഉൾപ്പെടെ ഇതു സംബന്ധിച്ചു നിവേദനം സമർപ്പിച്ചിരുന്നു. അതുകൊണ്ട് പ്രയോജനമുണ്ടെന്ന് തോന്നുന്നില്ല. എവിടെയോ ഇതിൽ ഒരു ക്രമക്കേടുണ്ട്. ചില ആളുകളുടെ ബോധപൂർവ്വമുള്ള ഇടപെടൽ ഉണ്ട്. അതുകൊണ്ട് മന്ത്രി ഇവരെ വിളിച്ചു കൂട്ടി വിശദമായ ഒരു പരിശോധന നടത്തി വസ്തുതകൾ കണ്ടുപിടിച്ച് അർഹതപ്പെട്ടവർക്ക് അവാർഡ് കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്): സർ, 1997-98 വർഷത്തിൽ ശ്രീമതി പി.ടി. ഉഷ ബാംഗ്ലൂരിലെ കണ്ടീരവ

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ 100 മീറ്റർ, 200 മീറ്റർ ഓട്ടം 4X400 മീറ്റർ റിലേ എന്നീ ഇനങ്ങളിൽ ഒന്നാം സമ്മാനവും 400 മീറ്റർ ഓട്ടത്തിന് രണ്ടാം സ്ഥാനവും നേടുകയുണ്ടായി. ഈ വകയിൽ 90,000 രൂപയുടെ ക്യാഷ് അവാർഡിന് അവർ അർഹയാണ്. ഈ തുക വെള്ളിയാഴ്ച വൈകുന്നേരം അതായത് 25.6.1999-ന് കേരള സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വി.ജെ.ടി. ഹാളിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽവച്ച് ബഹുമാനപ്പെട്ട മുഖ്യ മന്ത്രി വിതരണം ചെയ്യുന്നതാണ്. അതിന്റെ നടപടികൾ പൂർത്തിയായി കഴിഞ്ഞു.

മി. സ്പീക്കർ : അതിൽ ശ്രീമതി പി.ടി. ഉഷ ഉണ്ടോ?

ശ്രീ. എ.സി. ഷൺമുഖദാസ് : ഉണ്ട്, 90,000 രൂപയുടെ അവാർഡ് അവർക്ക് കൊടുക്കുന്നുണ്ട്.

മി. സ്പീക്കർ : അത് പരിഹരിച്ചിരിക്കുന്നു.

ശ്രീ. എ.സി. ഷൺമുഖദാസ് : ഇനിയും ഒരു പ്രശ്നമുണ്ട്, അത് ശ്രീ. ബാലൻ വൈദ്യർ ഉന്നയിച്ച വേറൊരു പ്രശ്നമാണ്. 1997-98 വർഷത്തിൽ അന്തർദേശീയ മത്സരങ്ങളിൽ വിജയികളായവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനായി അപേക്ഷ ക്ഷണിച്ചിരുന്നുവെങ്കിലും നാളിതുവരെ ബന്ധപ്പെട്ട അസോസിയേഷൻ അപേക്ഷ നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷ കേരള സ്പോർട്സ് അസോസിയേഷനുകൾ കേരള സ്പോർട്സ് കൗൺസിലിന്റെ ഇൻവിറ്റേഷൻ അനുസരിച്ച് സമർപ്പിച്ചിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥപ്രകാരം ഒരപേക്ഷയും ഇതുവരെ ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ അസോസിയേഷനുകൾ തമ്മിൽ തർക്കമുണ്ടെങ്കിൽ അത് പരിശോധിച്ച് പരിഹരിക്കാനും അവാർഡ് തുക അർഹതപ്പെട്ടവർക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാം.

മി. സ്പീക്കർ : തർക്കത്തിന്റെ പേരിൽ അവർക്ക് തുക ലഭിക്കാതിരിക്കരുത്.

(4) തിരുവനന്തപുരം മെഡിക്കൽകോളേജിൽ ഒഴിവുള്ള ടീച്ചിംഗ്/ക്ലിനിക്കൽ തസ്തികകൾ നികത്തുകയും ക്ലേശങ്ങൾ പരിഹരിക്കുകയും ചെയ്യണമെന്ന ആവശ്യം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, കേരളത്തിലെ തിരുവനന്തപുരം അടക്കമുള്ള മെഡിക്കൽകോളേജുകളിൽ ഡോക്ടർമാരുടെ പ്രൊമോഷൻ ഏറെക്കുറെ തടസ്സപ്പെട്ടിരിക്കുകയാണ്. ഇതിനു കാരണം ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി യഥാസമയം കൂടി സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കാത്തതാണ് ഡി.പി.സി. കൂടാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞുവെന്ന് കേൾക്കുന്നുണ്ട്. എന്നാലും പ്രൊമോഷനുകൾക്ക് വളരെ കാലതാമസം ഇതു മൂലം നേരിടുന്നു. ഇനി മാസങ്ങൾ കൊണ്ടുമാത്രമേ ഡി.പി.സി.കൾ കൂടി കഴിയുകയുള്ളൂ. 20 വർഷമായി ഡി.പി.സി. കൂടാത്ത ഡിപ്പാർട്ടുമെന്റുകൾ പോലുമുണ്ടെന്ന് നാം മനസ്സിലാക്കണം. ഈ ഡി.പി.സി.കൾ കൂടി അവയുടെ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കാൻ അനവധി മാസങ്ങൾ ഇനിയും വേണ്ടിവരും. ഡി.പി.സി. ലിസ്റ്റിൽമേലുള്ള പരാതികളും തെറ്റുകളും പരിഹരിക്കാൻ വീണ്ടും അനവധി മാസങ്ങൾ കഴിയണം. ഡി.പി.സി ലിസ്റ്റിന്മേലുള്ള കേസുകളിൽ തീർപ്പുകല്പിച്ച് കിട്ടാൻ പിന്നെയും കാലതാമസം നേരിടും.

LIBRARY ARCHIVES Kerala Legislative Assembly